# റവന്യൂ (എ) വകുപ്പ്

**നമ്പർ 45630/എ2/09/റവ.** **തീയതി, തിരുവനന്തപുരം, 2009 സെപ്റ്റംബർ, 18.**

പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി,
നികുതി വകുപ്പ്.

സർ,

വിഷയം:— ഭൂമി കൈമാറ്റം — രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിൽ ഭൂമിയുടെ ഇനം/തരം എന്നിവ തെറ്റായി രേഖപ്പെടുത്തുന്നത് — സംബന്ധിച്ച്.

ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിൽ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ ഇനം/തരം അടിസ്ഥാന റവന്യൂ റിക്കാർഡുകളിൽ (ബി. റ്റി. ആർ.) രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം നിലം, പുരയിടം, മുതലായവയിൽ എതാണെന്ന് കൃത്യമായി രേഖപ്പെടുത്താതെ 'സ്ഥലം' എന്നു മാത്രം കാണിച്ച് രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോക്കുവരവിനായി പ്രസ്തുത ആധാര പകർപ്പുകൾ വില്ലേജ് ഓഫീസുകളിൽ എത്തുമ്പോഴാണ് പ്രസ്തുത കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നുള്ളു.

നിലം എന്നതിന് സ്ഥലം എന്നു രേഖപ്പെടുത്തുമ്പോൾ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി പുരയിടമാണ് എന്ന് തെറ്റായി വ്യാഖ്യാനിക്കുവാനും നിലം നികത്താനും കെട്ടിടം നിർമ്മിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പിനെ തെറ്റിദ്ധരിപ്പിച്ച് അനുമതി വാങ്ങാനും സാദ്ധ്യതയുണ്ട് എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

തൊടുപുഴ താലൂക്കിന്റെ പരിധിയിൽ വരുന്ന കാരിക്കോട്, അറക്കുളം, തൊടുപുഴ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പോക്കുവരവിനായി സമർപ്പിക്കുന്ന ആധാരത്തിന്റെ ഒന്നാം പേജിൽ മാത്രമേ രജിസ്ട്രേഷൻ അധികാരികൾ സാക്ഷ്യപ്പെടുത്താറുള്ളു എന്നും ഒന്നാം പേജിനോടൊപ്പം ചേർക്കുന്ന ആധാരത്തിന്റെ കോപ്പികൾ പലപ്പോഴും ഒറിജിനൽ ആധാരവുമായി പൊരുത്തപ്പെടാറില്ല എന്നും ആകയാൽ കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂമി തട്ടിയെടുക്കുന്നതിന് സാദ്ധ്യതയുണ്ട് എന്നും അറിയാൻ കഴിഞ്ഞു. ഇത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

അതിനാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ തടയുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

1. രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിൽ ഭൂമിയുടെ ഇനം/തരം റവന്യൂ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ മാത്രം അതായത് നിലമോ പുരയിടമോ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

2. സർക്കാരിന്റെ അനുമതിയോടുകൂടി നിലം നികത്തി പുരയിടമാക്കി മാറ്റിയിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ട 'അനുവാദ ഉത്തരവ് നമ്പർ' രജിസ്റ്റർ ചെയ്യുന്ന ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കണം.

3. പോക്കുവരവിനായി റവന്യൂ വകുപ്പിന് നല്കുന്ന പോക്കുവരവിന്റെ കോപ്പിയിൽ എല്ലാ പേജിലും രജിസ്ട്രേഷൻ അധികാരികൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.

4. തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി ആധാരം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെയും തയ്യാറാക്കുന്ന ലൈസൻസിക്കെതിരെയും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ,

**ഡോ. നിവേദിത പി. ഹരൻ,**

പ്രിൻസിപ്പൽ സെക്രട്ടറി.